പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 127** **16-10-2026-ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖലയിലെ പ്രതിസന്ധി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. കെ. വി. സുമേഷ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. ടി. എം. ശശി

ശ്രീ. കെ. പ്രേമൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് പാലുൽപ്പാദനം കുറഞ്ഞ് ക്ഷീരമേഖല കടുത്ത പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ഉൾപ്പെടെയുള്ളവ കാലിത്തീറ്റ വില കുത്തനെ വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** പൊതുമേഖലാ സ്ഥാപനങ്ങളായ മിൽമ, കേരള ഫീഡ്സ് എന്നിവ കാലിത്തീറ്റ വില കുത്തനെ വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ കേരള ഫീഡ്സ് കാലിത്തീറ്റയ്ക്ക് നൽകി വന്നിരുന്ന സബ് സിഡി നിർത്തലാക്കിയിട്ടുണ്ട്. മിൽമ കാലിത്തീറ്റകൾക്ക് 2022നവംബറിനുശേഷം വിലകൂട്ടിയിട്ടില്ല.

**(ബി)** എങ്കിൽ കാലിത്തീറ്റയുടെയും മറ്റ് തീറ്റകളുടെയും വിലവർദ്ധനവോടെ ഉൽപ്പാദനച്ചെലവ് താങ്ങാനാവാതെ കർഷകർ ക്ഷീരമേഖല വിട്ടുപോകുന്ന ഗുരുതരമായ സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(സി)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്ഷീരമേഖലയ്ക്കും കാലിത്തീറ്റ സബ്സിഡിയ്ക്കുമായി ബജറ്റിൽ വകയിരുത്തിയിരുന്ന തുക ഈ സർക്കാർ വലിയ തോതിൽ വെട്ടിക്കുറച്ചത് കർഷകരോടുള്ള വഞ്ചനയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കഴിഞ്ഞ സർക്കാരിന്റെ (2025-26) കാലത്ത് കാലിത്തീറ്റ സബ്സിഡിയായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് 8 കോടി രൂപയായിരുന്നുവെങ്കിലും ധനകാര്യവകുപ്പിൽ നിന്നും ആകെ അനുവദിച്ചത് 4 കോടി രൂപ മാത്രം ആണ്.

എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 7 കോടി രൂപ റിവൈസ്ഡ് ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ആയത് 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കർഷകർക്ക് ഗുണം ലഭിക്കുന്ന രീതിയിൽ സർക്കാരിൽ നിന്നും അനുവദിച്ച് നൽകുകയും ചെയ്തു.

**(ഡി)** കാലിത്തീറ്റ വിലക്കയറ്റം രൂക്ഷമായതോടെ സംസ്ഥാനത്തെ പാൽ ലഭ്യതയിൽ ഉണ്ടായ കുറവ് പരിഹരിക്കാൻ അയൽ സംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കേണ്ടി വരുന്നെന്ന വസ്തുത ബോധ്യപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്.

**(ഇ)** എങ്കിൽ കാലിത്തീറ്റ വിലക്കയറ്റം നിയന്ത്രിക്കാനും വെട്ടിക്കുറച്ച സബ്സിഡി പുനഃസ്ഥാപിച്ച് കർഷകർക്ക് ന്യായവിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കാനും ക്ഷീരമേഖലയെ തകർച്ചയിൽ നിന്നും രക്ഷിക്കാനും എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** കാലിത്തീറ്റ വിലക്കയറ്റം മൂലം ഉൽപ്പാദന ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ തീറ്റപ്പുൽ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ സ്ഥലങ്ങളിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഇതിനായി സർക്കാർ ഈ വർഷത്തെ ബഡ്ജറ്റിൽ അധികമായി 1 കോടി രൂപ കൂടി ഉൾപ്പെടുത്തി ആകെ 8.50 കോടി രൂപ തീറ്റപ്പുൽകൃഷി വികസന പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ കാലിത്തീറ്റ സബ് സിഡി ഇനത്തിൽ 7 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് സഹായ നിരക്കിൽ പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, റ്റി എം ആർ തുടങ്ങിയവ നൽകി വരുന്നുണ്ട്. ഉത്പാദന ചെലവ് കുറയ്ക്കുന്നതിനാണ് പ്രധാനമായും ഈ 2 പദ്ധതികളിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്.

ക്ഷീരമേഖലയെ തകർച്ചയിൽ നിന്നും രക്ഷിക്കാനായി മിൽമ നടപ്പിലാക്കിവരുന്ന പ്രവർത്തങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- കർഷകരുടെ ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിലേക്കായി മേഖലാ യൂണിയനുകൾ കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കുന്നു.
- കർഷകർക്ക് അധിക പാൽവില
- ഉൽപാദനോപാധികളും തൊഴുത്ത് നിർമ്മാണത്തിനുള്ള സഹായങ്ങൾ, കൃത്രിമ ബീജധാന സഹായം തുടങ്ങിയവ.
- കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ഉൽപ്പാദനക്കുറവിനാൽ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി കാലാവസ്ഥാ അധിഷ്ഠിത ഇൻഷുറൻസ് പദ്ധതി.
- ക്ഷീര കർഷകർക്കായി ക്ഷീര വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ക്ഷീര സാന്ത്വനം പദ്ധതിക്കായി മിൽമയുടെ വിഹിതമായി 700 രൂപ
- വികേന്ദ്രീകൃത മൃഗചികിത്സായൂണിറ്റുകൾ
- കൃത്രിമ ബീജാധാന കേന്ദ്രങ്ങൾ.

മൂന്നു മേഖലായൂണിയനുകളും പൊതുവായി നൽകുന്ന മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾക്കു പുറമേ അതാത് മേഖലാ യൂണിയൻ പരിധിയിൽ വരുന്ന ക്ഷീരകർഷകർക്കായി യൂണിയനുകൾ

വിവിധ പ്രവർത്തനങ്ങളും ആനുകൂല്യങ്ങളും നടത്തി വരുന്നു.

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ക്ഷീര കർഷകർക്ക് 50% സബ് സിഡിയോടുകൂടി കാലിത്തീറ്റ വിതരണം നൽകിവരുന്നുണ്ട്. ഇതിനുപരിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വേനൽക്കാല കാലിത്തീറ്റ പദ്ധതികൾ നടപ്പിലാക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ**